**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1660** **04-02-2026 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തെ മുഴുവൻ ഉൾപ്പെടുത്തി പ്രഖ്യാപിച്ച സമഗ്ര കാർഷിക വികസന പദ്ധതിക്കായി (ഫയൽ നമ്പർ: അഗ്രി-പിബി1/250/2025, തീയതി: 03-10-2025, കമ്പ്യൂട്ടർ നമ്പർ: 3282142/25 പ്രകാരം) സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ബഹു. കടുത്തുരുത്തി എം.എൽഎ അഡ്വക്കേ<br>മോൻസ് ജോസഫ് ബഹു. കൃഷി വകു<br>മന്ത്രിക്ക് സമർപ്പിച്ച 25/08/2025 തീയതിയിലെ<br>നിവേദനം അഗ്രി-പിബി1/250/2025-അഗ്ര<br>നമ്പർ ഫയലിൽ പരിശോധിച്ച്, 03/10/202<br>തീയതിയിലെ കത്ത് പ്രകാരം **കൃഷിവകു**<br>ഡയറക്ടറുടെ റിപ്പോർ<br>ആവശ്യപ്പെടുകയുണ്ടായി. ടി നിവേദന<br>പ്രകാരം കടുത്തുരുത്തി നിയോജക<br>മണ്ഡലത്തിലെ കടുത്തുരുത്തി ഉഴവൂ<br>ബ്ലോക്കുകളിലെ കർഷകരെ സർക്കാരിന്റെ<br>സമഗ്ര കാർഷിക വികസന പദ്ധതിയി<br>ഉൾപ്പെടുത്തണമെന്നും, ടി ബ്ലോക്കുകളിലെ<br>കർഷകർ അവരുടെ കാർഷികോല്പന്നങ്ങ<br>വിപണം ചെയ്യുന്ന കുറുപ്പന്തറയിൽ<br>പ്രവർത്തിക്കുന്ന ജില്ലാ സംഭരണകേന്ദ്രത്തിന്റെ<br>പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാ<br>സൗകര്യവികസന പ്രവർത്തനങ്ങൾ<br>ധനസഹായമായി പ്രസ്തുത പ്രവർത്തനങ്ങൾ<br>തയ്യാറാക്കിയ 18.10 ലക്ഷം രൂപയു<br>എസ്റ്റിമേറ്റ് അംഗീകരിച്ച് അടിസ്ഥാന സൗക<br>വികസന പ്രവർത്തനങ്ങ<br>നടപ്പാക്കുന്നതിനുള്ള സത്വരനടപ<br>സ്വീകരിക്കണമെന്നും ബഹു. എം.എൽ.<br>ആവശ്യപ്പെട്ടിരുന്നു.<br><br>കാർഷിക വികസന കർഷക ക്ഷേമ വകു<br>2025-26 സാമ്പത്തിക വർഷത്തിൽ വാർഷി<br>പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കു<br>'വിപണി വികസനം (Market Development<br>എന്ന പദ്ധതിയിൽ "കാർഷി<br>മൊത്തവ്യാപാര വിപണികളുടെയും ജില്ല<br>സംഭരണ കേന്ദ്രങ്ങളുടെയും ശാക്തീകരണ |

അടിസ്ഥാന സൗകര്യ വികസനവും" എന ഘടകത്തിൽ ഉൾപ്പെടുത്തി നിലവിലെ സാമ്പത്തിക സീലിംഗ് പ്രകാരം തുക കോട്ടയ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക അലോട്ട് ചെയ്തിട്ടുമുണ്ട്.

കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്ന വിവി പദ്ധതികൾ കടുത്തുരുത്തി സമഗ്ര കാർഷിക വികസന പദ്ധതിയിൻ കീഴിൽ നടപ്പിലാക്ക വരുന്നു. സമഗ്ര പച്ചക്കറി കൃഷി വികസ പദ്ധതി, ഫ്രൂട്ട് ക്ലസ്റ്റർ, സംഘമൈത്രിയുടെ അടിസ്ഥാന സൗകര്യ വികസനം, പ്ലാ ഹെൽത്ത് സെന്റർ, കുറവിലങ്ങാട് സ്മാർ കൃഷി ഭവൻ, കോമൺ ഫെസിലിറ്റി സെന്റ ആശ്രയ കേന്ദ്രം, എൻ.എം.എസ്. എ. സോയിൽ ഹെൽത്ത് കാർഡ് തുടങ്ങി പദ്ധതികൾ ഇപ്രകാരം നടപ്പിലാക്കി വരുന്നു.

കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ **മ** **പര്യവേക്ഷണ മണ്ണ് സംരക്ഷണ വക** മുഖാന്തിരം നടപ്പിലാക്കുന്നതിനായി വാലാച്ചി സീഡ് ഫാമിന്റെയും, ജില്ലാ കൃഷിത്തോ കോഴായുടേയും അടിസ്ഥാന സൗക വികസത്തിനായി യഥാക്രമം 2.25 കോടിയ 1.35 കോടിയും അടങ്കൽ വരുന്ന പദ്ധതിക RIAS പദ്ധതിയിൽ ഉൾപ്പെടുത്ത നടപ്പിലാക്കുന്നത് സർക്കാർ പരിശോധി വരുന്നു. മാഞ്ഞൂർ പഞ്ചായത്തിലെ കുഴിയഞ്ചാൽ കുളത്തിന്റെ നവീകരണ പദ്ധ വകുപ്പ് മുഖാന്തിരം തയ്യാറാക്കിയിരുന്നെങ്കിലും കുളത്തിന്റെ ആഴംകൂട്ടൽ പ്രവർത്തനങ്ങ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്ത നടപ്പിലാക്കുന്നതിന് തീരുമാന കൈക്കൊണ്ടിട്ടുണ്ട് .

കടുത്തുരുത്തി നിയോജക മണ്ഡലം സമ കാർഷിക വികസന പദ്ധതിയുടെ ഭാഗമായ കിടങ്ങൂർ, കടപ്ലാമറ്റം, കാണാക്കാര കടുത്തുരുത്തി, വെളിയന്നൂർ, ഞീഴൂർ, മുളക്കുള ഉഴവൂർ എന്നീ പഞ്ചായത്തുകളുടെ മ ഫലപുഷ്ടി ഭൂപടവും റിപ്പോർട്ടും തയ്യാറാക്കുകയ അതത് കൃഷി ഭവനുകൾക്ക് കൈമാറുകയ ചെയ്തിട്ടുണ്ട്. മരങ്ങാട്ടുപള്ളി, മാഞ്ഞൂ കുറവിലങ്ങാട് എന്നീ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച മണ്ണ് സാമ്പിളുകളു പരിശോധനാഫലം ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്തുകളുടെ ഭൂപടവും റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | മേൽപ്പറഞ്ഞ ഫയലിന്റെ അടിസ്ഥാനത്തിൽ, ബഹു. കൃഷി വകുപ്പ് മന്ത്രി പ്രഖ്യാപിക്കുകയും തലസ്ഥാനത്ത് ഉന്നതതല യോഗം വിളിക്കുകയും ചെയ്തതിന് ശേഷം, 11 പഞ്ചായത്തുകളിലെ കൃഷിഭവനുകളിൽ സംയുക്ത പരിശോധന നടത്തി നിയോജകമണ്ഡലം അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ പദ്ധതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | 03-10-2025 ലെ അഗ്രി-പിബി1/250/2025 നമ്പർ ഫയലുമായി ബന്ധപ്പെട്ട നടപടികളുടെ ഭാഗമായി പദ്ധതി ബ്ലോക്ക് അടിസ്ഥാനത്തിലേക്ക് ചുരുക്കിയാൽ, കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിലെ 11 പഞ്ചായത്തുകളിൽ 8 പഞ്ചായത്തുകൾ പദ്ധതിക്ക് പുറത്താകുന്ന സാഹചര്യം കൃഷി വകുപ്പ് എങ്ങനെ വിലയിരുത്തുന്നു; | (സി) | കടുത്തുരുത്തി മണ്ഡലത്തിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് ചെയ്തു വരുന്നത്. ക്ലസ്റ്റർ ഗ്രാമം പദ്ധതി മാത്രമാണ് പദ്ധതി മാനദണ്ഡ മനുസരിച്ച് കടുത്തുരുത്തി ബ്ലോക്കിൽ ഉൾപ്പെട്ടപഞ്ചായത്തുകളിൽനടപ്പിലാക്കി വരുന്നത്. |
| (ഡി) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കർഷക സംഘടനകളും കർഷകരും പദ്ധതി നിയോജകമണ്ഡലം അടിസ്ഥാനത്തിൽ തന്നെ നടപ്പാക്കണം എന്ന ആവശ്യം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ആവശ്യം പരിഗണിക്കാതിരുന്നത് ജനപക്ഷ സമീപനത്തിന് വിരുദ്ധമല്ലേ എന്ന് വ്യക്തമാക്കുമോ; | (ഡി) | നിയോജക മണ്ഡലത്തിലെ കർഷകർക്കെല്ലാംതന്നെ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് എല്ലാ പദ്ധതികളും നടപ്പിലാക്കുന്നത്. |
| (ഇ) | കാർഷിക ഉൽപ്പാദന വർധന, കർഷക വരുമാന വർധന, തൊഴിലവസര സൃഷ്ടി തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | ഇല്ല |
| (എഫ്) | 03-10-2025 ലെ ഫയൽ നടപടികളുമായി ബന്ധപ്പെട്ട വിഷയത്തിൽ കടുത്തുരുത്തി നിയോജകമണ്ഡലം മുഴുവൻ ഉൾപ്പെടുത്തി സമഗ്ര കാർഷിക വികസന പദ്ധതി തുടരുന്നതിനുള്ള വ്യക്തമായ റിപ്പോർട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (എഫ്) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2025-26 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'വിപണി വികസനം (Market Development)' എന്ന പദ്ധതിയിൽ "കാർഷിക മൊത്തവ്യാപാര വിപണികളുടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളുടെയും ശാക്തീകരണം അടിസ്ഥാനസൗകര്യ വികസനവും" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നിലവിലെ സാമ്പത്തിക സീലിംഗ് പ്രകാരം തുക കോട്ടയം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അലോട്ട് ചെയ്തിട്ടുമുണ്ട്.<br><br>ഉഴവൂർ ബ്ലോക്കിലെ 7 പഞ്ചായത്തുകളും കടുത്തുരുത്തി ബ്ലോക്കിലെ 3 പഞ്ചായത്തുകളും പാമ്പാടി ബ്ലോക്കിലെ 1 പഞ്ചായത്തുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫ്രൂട്ട് ക്ലസ്റ്ററിന് വേണ്ടി നൽകുന്ന ധനസഹായം (ഹെക്ടറിന് 25000 രൂപ |

| | | | |
|---|---|---|---|
| | | | പ്രകാരം) കടത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ